

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

**Vol. 21 No. 3-4 Newsletter May 2023**



'യേശുവോ: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്.
സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ എന്നു പറഞ്ഞു'
(മത്തായി 19:14)

# VBS





# Albert Joseph Memorial Summer School of Church Music



# CHURCH VOICE

21th year of publication

**MAY 2023**



**EDITORIAL BOARD**

**EDITOR**
Mrs. Valsa D. S.

**SUB EDITOR**
Er. Ceragil Austin Prince

**MEMBERS**
Er. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A.
Dr. Oliver Robertson G.
Dr. Thilaga Samson



**ADDRESS**

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website
www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**


## CSI MATEER MEMORIAL CHURCH

**Regular Weekly Programme**

| | | |
|---|---|---|
| WeekDays | Evening Prayer (Online) | 08:00pm |
| Sun | Choir Practice | 08:00am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Mon | Vestry Prayer | 05.00pm |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



**LETTER FROM PRESBYTER**



# പ്ലാറ്റിനം ജൂബിലി വരെ... 7

**Rev. Dr. L.E. Sahanam**

### പ്യൂരിറ്റനിസം (Puritanism)

ഇംഗ്ലണ്ടിലെ സഭകൾ 1534-ൽ ചർച്ച് ഓഫ് ഇംഗ്ലണ്ട് എന്ന പേരിൽ സ്വതന്ത്രസഭയായി മാറിയെങ്കിലും ആംഗ്ലിക്കൻ സഭയിൽ കാര്യങ്ങൾ അത്ര സുഗമമായിരുന്നില്ല. ഇംഗ്ലണ്ട്, സ്കോട്ട്ലാന്റ്, അയർലാന്റ്, സ്വിറ്റ്സർലാന്റ് എന്നിവിടങ്ങളിലെ രാഷ്ട്രീയ ഭരണക്രമങ്ങളും അധികാര വടംവലികളും സഭയുടെ പ്രവർത്തനങ്ങളെ വളരെയധികം ബാധിച്ചിരുന്നു. ഇംഗ്ലണ്ടിൽ ഹെൻട്രി 8-ാമനു ശേഷം അധികാരത്തിൽ വന്ന എഡ്വേർഡ് 6-ാമൻ (1547) നവീകരണ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുന്നതിനു ശ്രമിച്ചു. എന്നാൽ അദ്ദേഹത്തിനുശേഷം ഭരിച്ച ക്വീൻമേരി (1553) ചർച്ച് ഓഫ് ഇംഗ്ലണ്ടിനെ റോമൻ കത്തോലിക്കാ സഭയുടെ അധികാരത്തിൻ കീഴിൽ മടക്കിക്കൊണ്ടു പോകുന്നതിന് ശ്രമിക്കുകയായിരുന്നു. നവീകരണം ശരിയായ രീതിയിൽ തുടരാത്തതുകൊണ്ടാണ് ഇങ്ങനെ ഒരു മടങ്ങിപ്പോകലിന് തുനിഞ്ഞത് എന്ന് ചിലർ വാദിച്ചു: അതിനെത്തുടർന്ന് പുതിയ ആശയങ്ങൾ സഭയിൽ രൂപം കൊണ്ടു. അത്തരത്തിൽ രൂപപ്പെട്ടൊരു ചിന്താധാരയാണ് പ്യൂരിറ്റനിസം അഥവാ ധാർമ്മിക മതാചാരവാദം. ഈ വാദമുന്നയിച്ചവർ ആദ്യകാലങ്ങളിൽ സഭക്കുള്ളിൽ നിന്ന് "തിരുത്തൽ വാദികളായി" പ്രവർത്തിച്ചുവന്നു.

ജീവിതലാളിത്യമായിരുന്നു പ്യൂരിറ്റൻ ചിന്താഗതിക്കാരുടെ മുഖമുദ്ര. ആരാധനകളിൽ ലാളിത്യം കാത്തു സൂക്ഷിക്കണമെന്നവർ ശഠിച്ചിരുന്നു. കത്തോലിക്കാ സഭയിലും അവരെ അനുകരിച്ച് ആംഗ്ലിക്കൻ സഭയിലും മറ്റു ചില നവീകരണ സഭകളിലും ബിഷപ്പന്മാരും പുരോഹിതന്മാരും ആരാധനാസമയം അണിഞ്ഞിരുന്ന വർണ്ണശമ്പളമായ മേലാടകൾ അവർ ഉപേക്ഷിച്ചു. സഭാശുശ്രൂഷകർ തങ്ങൾക്കിഷ്ടമുള്ള മാന്യമായ ഏതു വസ്ത്രവും ധരിച്ചു ആരാധന നടത്തുന്നതിൽ അപാകതയൊന്നും അവർ കണ്ടില്ല. അംഗ്ലിക്കൻ സഭാ പുരോഹിതന്മാർ സാധാരണയണിഞ്ഞിരുന്ന കുപ്പായവും (Cassock) അവർ ഉപേക്ഷിച്ചു. തിരുവത്താഴ ശുശ്രൂഷ നടത്തുമ്പോഴും തങ്ങൾക്കിഷ്ടമുള്ള സാധാരണ വേഷം മാത്രം ധരിച്ചാൽ മതി എന്നവർ പ്രചരിപ്പിച്ചു.

വളരെ ലളിതമായ ആരാധനാ രീതികളാണ് അവർ ഇഷ്ടപ്പെട്ടിരുന്നത്. അതിതീവ്ര സദാചാരബോധവും ധാർമ്മിക നിലവാരവും അവർ നിഷ്കർഷിച്ചിരുന്നു. ലൈംഗീകവിഷയത്തിൽ പതിത്വം അവർ കാത്തു സൂക്ഷിച്ചിരുന്നു.

ചർച്ച് ഓഫ് ഇംഗ്ലണ്ട് ഔദ്യോഗികമായി പോപ്പിന്റെ ഭരണ ക്രമത്തിൽ നിന്നു മാറിയെങ്കിലും ഘടനാപരമായി ഭരണസംവിധാനം ഏറെക്കുറെ അതേ രീതിയിൽ തന്നെ, ആർച്ച് ബിഷപ്പ്, ബിഷപ്പ്, പുരോഹിതൻ എന്ന നിലയിൽ തുടർന്നു. ആരാധനാ ഭാഷ മാറിയെങ്കിലും സഭയുടെ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, എല്ലാം പഴയ പടി തുടർന്നു. ഒരു വിഭാഗം അംഗങ്ങൾ അങ്ങനെ തുടർന്നാൽ മതിയെന്ന് വാദിച്ചപ്പോൾ മറ്റൊരു വിഭാഗം പ്രെസ്ബിറ്റീരിയൻ ഭരണക്രമമായിരിക്കും നല്ലതെന്ന് നിർദ്ദേശിച്ചു. എന്നാൽ തീവ്ര പ്യൂരിറ്റൻ ചിന്താഗതിക്കാർ ദൈവവുമായി അവർക്ക് ഉടമ്പടി ബന്ധമുണ്ടെന്ന് വിശ്വസിക്കുകയും ആ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ആംഗ്ലിക്കൻ സഭവിട്ട് പുറത്തുപോയി സ്വതന്ത്ര സഭയായി നിലകൊള്ളുന്നതായിരിക്കും വേദപുസ്തകാടിസ്ഥാനത്തിൽ ശരിയായ സഭയെന്നവർ കരുതി. പൊതു സമ്മത പ്രകാരം തങ്ങൾക്കനുയോജ്യർ എന്നു കരുതുന്നവരെ സഭാശുശ്രൂഷകരായി അവർ സ്വീകരിക്കുകയും ചെയ്തു തുടങ്ങി.

1570 മുതൽ ഇത്തരം ആരാധനാ സമൂഹങ്ങൾ ഇംഗ്ലണ്ടിൽ രൂപപ്പെട്ടു തുടങ്ങി. കോൺഗ്രിഗേഷണൽ സഭകൾ ഈ ചിന്താഗതിയോട് ഏറെ കടപ്പെട്ടിരിക്കുന്നു. തീവ്രചിന്താഗതിക്കാരായ പ്യൂരിറ്റൻസ് സ്വതന്ത്ര സഭകൾ സ്ഥാപിച്ചു പുറത്തുപോയെങ്കിലും സഭാഭരണ ക്രമത്തെക്കുറിച്ചുള്ള സംവാദങ്ങൾ ആംഗ്ലിക്കൻ സഭയിൽ തുടർന്നുകൊണ്ടേയിരുന്നു. ഇടയ്ക്കിടെ ഉണ്ടാകുന്ന രാഷ്ട്രീയ ഇടപെടലുകൾ ഈ തർക്കങ്ങൾക്ക് മൂർച്ച കൂട്ടിക്കൊണ്ടിരുന്നു. ഒപ്പം പല പുതിയ ആശയങ്ങൾ വീണ്ടും സഭയിൽ രൂപപ്പെട്ടു തുടങ്ങി.

**അർമീനിയനിസം (Armenianism)**

ജോൺ കാൽവിന്റെ വേദപുസ്തക വ്യാഖ്യാനങ്ങളിൽ ഏറെ ശ്രദ്ധപിടിച്ചു പറ്റിയ ഒരു ചിന്താധാരയാണ് ദൈവം സകലതും മുൻകൂട്ടി അറിയുന്നെന്നും മനുഷ്യന്റെ നിത്യജീവിതത്തെക്കുറിച്ചും ദൈവം മുൻപേ തന്നെ നിശ്ചയിച്ചിട്ടുണ്ട് എന്നതും (Theory of predestination) (റോമ. 8:28-30) അടിസ്ഥാനമാക്കി അദ്ദേഹം തന്നെ വിശദീകരിക്കുന്നത് “ആരൊക്കെയാണ് നിത്യജീവന് അവകാശികൾ എന്നതും നിത്യനരകത്തിലേക്ക്

വിധിക്കപ്പെട്ടതെന്നും ഒരു മനുഷ്യന്റെ ജനനത്തിനു മുമ്പു തന്നെ ദൈവം നിശ്ചയിച്ചിട്ടുണ്ട് എന്നാണ്. (Theory of double predestination) നവീകരണ ചിന്തകരിൽ കാൽവിനെ വ്യത്യസ്ഥനാക്കുന്നതും, ഇന്നും ദൈവവിശ്വാസികളുടെയും അല്ലാത്തവരുടെയും മനസ്സിൽ അറിഞ്ഞും അറിയാതെയും ഉറച്ചുപോയിട്ടുള്ളതുമായൊരു വിശ്വാസമാണിത്. ദൈവം സകലതും മുൻനിശ്ചയിച്ചിട്ടുണ്ടെന്നും അത് ആർക്കും യാതൊരു കാരണവശാലും മാറ്റാനാവുകയില്ലെന്നുമാണ് ആ വ്യാഖ്യാനത്തിന്റെ സാരം. ഇന്ത്യൻ സംസ്കാരത്തിൽ "എല്ലാം ഈശ്വര നിശ്ചയമാണ്, ഇത് തലവിധിയാണ്, തലവര ആർക്കും മാറ്റുന്നതിന് സാധിക്കയില്ല" എന്നൊക്കെ പറയും.

എല്ലാം പരിപൂർണ്ണമായി ദൈവം മുന്നമെ നിശ്ചയിച്ചതാണെങ്കിൽ എവിടെയാണ് ദൈവം നമുക്കു നൽകിയിട്ടുള്ള സ്വാതന്ത്ര്യമായി തിരിഞ്ഞെടുക്കുന്നതിനുള്ള സ്ഥാനം (The question of free will) എന്ന് പലരും ചോദിച്ചുതുടങ്ങി. മാത്രമല്ല, ദൈവം സകലതും മുൻകൂട്ടി നിശ്ചയിച്ചതാണെങ്കിൽ തിന്മയുടെ ഉറവിടം ദൈവമാണെന്ന് സമ്മതിക്കേണ്ടിവരും എന്നവർ വാദിച്ചു. ഹോളണ്ടിലാണ് ഈ ചിന്താധാരയുടെ ആരംഭം. ഡച്ച് റിഫോംഡ് സഭയിലെ ശുശ്രൂഷകനായിരുന്ന ജേക്കബ് അർമിനിയസ് ആണ് (Jacob Armenius 1560-1609) ഈ ചിന്താധാരയുടെ ഉപജ്ഞാതാവ്. രക്ഷയെന്നത് മനുഷ്യജാതിക്കു മുഴുവനായുള്ള ദൈവത്തിന്റെ ദാനമാണ്. ദൈവത്തിന്റെ പരമാധികാരവും മനുഷ്യരുടെ സ്വാതന്ത്ര്യമായി തീരുമാനിക്കുന്നതിനുള്ള അവകാശവും പരസ്പര പൂരകങ്ങളാണ്; അവ ഒരുമിച്ചു പോകേണ്ട ആശയങ്ങളാണ് എന്നതാണവരുടെ വാദം. കാൽവിന്റെ ചിന്തകൾക്കൊരു ബദൽ എന്ന നിലയിൽ 17-ാം നൂറ്റാണ്ടു മുതൽ അർമീനിയസിന്റെ ചിന്തകൾ 'അർമീനിയനിസം' എന്ന പേരിൽ ഒരു വേദശാസ്ത്ര ചിന്താധാരയായി യൂറോപ്പിലെ പല സഭകളേയും സ്വാധീനിച്ചു തുടങ്ങി. ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ ഒരു വിഭാഗം ഈ ആശയങ്ങളുടെ സ്വാധീനവലയത്തിലായി. 1633-ൽ ആർച്ച് ബിഷപ്പ് വില്യം ലാഡ് (William Laud) പരസ്യമായി ഈ ആശയത്തെ പ്രോത്സാഹിപ്പിക്കുകയും അത് അംഗീകരിച്ചവരെ സഭയിലെ ഉത്തരവാദിത്തങ്ങൾ ഏല്പിക്കുകയും ചെയ്തു. അത്തരം ഒരു നീക്കം, ഇംഗ്ലണ്ട്, ഹോളണ്ട് എന്നിവിടങ്ങളിലെ സഭകളിൽ ആഭ്യന്തര പ്രശ്നങ്ങളുണ്ടാക്കി.

17-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ നിയന്ത്രണത്തിന് പ്യൂരിട്ടൻ വിഭാഗക്കാരും അർമീനിയൻ വിഭാഗക്കാരും തമ്മിൽ വലിയ മത്സരമുണ്ടായി. ആശയപരമായി ഇവയിൽ

ഏത് ചിന്തക്കാണ് പ്രാധാന്യം നൽകേണ്ടത് സഭാഭരണ സംവിധാനത്തിൽ എപ്പിസ്ക്കോപ്പൻ രീതിയാണോ പ്രെസ്ബിറ്ററീരിയൻ രീതിയാണോ പിൻതുടരേണ്ടത്, എന്നീ തർക്കങ്ങൾ ചർച്ച് ഓഫ് ഇംഗ്ലണ്ടിൽ കോളിളക്കങ്ങൾ സൃഷ്ടിച്ചു. ബ്രിട്ടീഷ് കോമൺവെൽത്തിന്റെ രൂപവൽക്കരണത്തോടെ പ്രശ്നങ്ങൾ താല്ക്കാലികമായി കെട്ടടങ്ങി.

**യൂണിറ്റേറിയനിസം (Unitarianism)**

17-ാം ശതകത്തിന്റെ രണ്ടാം പാദം മുതൽ സഭയെ സ്വാധീനിച്ചു തുടങ്ങിയ മറ്റൊരു വിശ്വാസ ധാരയാണ് യൂണിറ്റേറിയനിസം (Unitarianism) അഥവാ ഏകദൈവ വാദം. യേശുവിന്റെ ആളത്വത്തെക്കുറിച്ച് ആദ്യ നൂറ്റാണ്ടുകളിൽ തന്നെ ഏറെ തർക്കങ്ങളും സംവാദങ്ങളുമുണ്ടായിട്ടുണ്ടെങ്കിലും എ.ഡി. 325-ൽ നിഖ്യാവിശ്വാസ പ്രമാണത്തിന്റെ അംഗീകാരത്തോടെ അവയൊക്കെ ഏതാണ്ട് അവസാനിക്കുകയും ത്രിത്വ ദൈവവിശ്വാസം സഭയിൽ രൂഢമൂലമാവുകയും ചെയ്തു. നവീകരണ കാലഘട്ടം മുതൽ സ്വതന്ത്ര ചിന്തകൾ പ്രചരിപ്പിക്കുന്നതിനവസരം ലഭിച്ചതോടെ വളരെയധികം ശ്രദ്ധയാകർഷിച്ചതും പലക്രൈസ്തവരേയും സ്വധീനിച്ചതുമായ ഒരു ചിന്താധായാണ് യൂണിറ്റേറിയനിസം. ത്രിത്വദൈവ വിശ്വാസത്തിൽ നിന്ന് വ്യത്യസ്ഥമായി ഏക ദൈവത്തിലാണവരുടെ വിശ്വാസം. യേശുക്രിസ്തുവിനെ ത്രിത്വ ദൈവത്തിലെ ഒരു ആളത്വമായി അവർ അംഗീകരിക്കുന്നില്ല. പിതാവായ ദൈവം ഏക വ്യക്തിത്വമാണ്. യേശുവിന്റെ ദൈവികത്വം അവർ അംഗീകരിക്കുന്നില്ല. യേശു വേദപുസ്തകത്തിൽ പറയുന്നതുപോലെ മനുഷ്യ പുത്രനാണ്, ഗുരുവാണ് ശ്രേഷ്ഠ സ്വഭാവവിശേഷങ്ങളുള്ളൊരു അസാധാരണ മനുഷ്യൻ മാത്രമാണ്. ആദിമപാപം, നിത്യനരകം ഇവയ്ക്കൊന്നും അവകർ കാര്യമായ പ്രാധാന്യം നൽകുന്നില്ല. സ്വാതന്ത്ര്യം, അകഅനുകമ്പ, സർഗ്ഗവൈഭവം (Creativity). വിദ്യാഭ്യാസം, നന്മ പ്രവർത്തികൾ, കൂട്ടായ്മ ഇവയൊക്കെ വളർത്തിയെടുക്കുന്നതാണ് ക്രൈസ്തവ ധർമ്മം. ഹോളണ്ടിലാണ് ഈ ചിന്താധാരയുടെ ആരംഭമെങ്കിലും ക്രമേണ യൂറോപ്പിലെ മറ്റു രാജ്യങ്ങളിലേക്കും അത് കടന്നു ചെന്നു. ഇംഗ്ലണ്ടിൽ വളർന്നു വന്ന നവോത്ഥാന ചിന്തകളും വിജ്ഞാന പ്രബുദ്ധതയും യൂണിറ്റേറിയനിസത്തിന്റെ വളർച്ചയ്ക്ക് സഹായമേറി. 1774-ൽ ഇംഗ്ലണ്ടിലെ സസെക്സിൻ ആദ്യത്തെ യൂണിറ്റേറിയൽ സഭസ്ഥാപിച്ചു. തുടർന്ന് യൂറോപ്പിന്റെ പലഭാഗങ്ങളിലും യൂണിറ്റേറിയൻ സഭകൾ ഉടലെടുത്തു. അമേരിക്കയിലേക്ക് കുടിയേറിപ്പാർത്തവരിൽ അനേകർ യൂണിറ്റേറിയൻ ചിന്താഗതിക്കാരായിരുന്നു. അവിടെ പ്രസിഡന്റുമാരാ

യിരുന്ന തോമസ് ജെഫേഴ്സൻ, ക്വൈൻസി ആഡംസ് എന്നിവർ യൂണിറ്റേറിയൻ ചിന്താഗതിക്കാരായിരുന്നു. അമേരിക്കയിലെ വടക്കു കിഴക്കൻ പട്ടണങ്ങളിലെ പല ദേവാലയങ്ങളുടെയും പേരിനൊപ്പം "ഈ സഭ യൂണിറ്റേറിയൻ ചിന്താഗതിയിൽ വിശ്വസിക്കുന്നെന്ന്" രേഖപ്പെടുത്തിയിരിക്കുന്നത് ഇന്നും കാണാം. 20-ാം നൂറ്റാണ്ടിൽ ശക്തി പ്രാപിച്ച, യുക്തി ചിന്തകൾക്ക് പ്രാധാന്യം നൽകുന്ന ലിബറൽ ദൈവശാസ്ത്രം യൂണിറ്റേറിയൻ ചിന്തകളോട് ഏറെ കടപ്പെട്ടിരിക്കുന്നു.

17-ഉം, 18-ഉം നൂറ്റാണ്ടുകളിൽ യൂറോപ്പിൽ രൂപപ്പെട്ട പല സ്വതന്ത്ര ചിന്തകളും നിരവധി സഭാവിഭാഗങ്ങൾ യൂറോപ്പിലും പിൽക്കാലത്ത് അമേരിക്കയിലും രൂപപ്പെട്ടു വരുന്നതിനു മുഖാന്തിരമായി. മോറോവിയൻ സഭകൾ, ക്വേക്കർ വിഭാഗക്കാർ, ബ്രദറൻ സമൂഹങ്ങൾ, ഹുട്ടറൈറ്റ്സ്, മെനൊനൈറ്റ്സ്, ഹോളിനസ് പ്രസ്ഥാനവുമായി ബന്ധപ്പെട്ട സഭകൾ, ചർച്ച് ഓഫ് നാസ്റീൻ, ഫ്രീ മെഥഡിസ്റ്റ് ചർച്ച്, വെസ്ലിയൻ മെഥഡിസ്റ്റ് ചർച്ച്, സാൽവേഷൻ ആർമ്മി തുടങ്ങി ധാരാളം ചെറുസഭാവിഭാഗങ്ങൾ നവീകരണം പ്രദാനം ചെയ്ത സ്വതന്ത്ര ചിന്തകളുടെ ഫലമായി രൂപപ്പെട്ടവയാണ്.

*Some Churches are just hospitals;*
*the Pastor's sermon week after week is only of comfort*
*(Jer 6:14).*
*Some other Churches are creches;*
*the members are perpetual infants*
*(Heb 5:12-14).*
*Still some others are battlefields; there are constant infightings*
*(1 Cor 3:3).*
*Several others are old people homes;*
*raditions are worshipped there*
*(Mt. 15:6-9; 1 Pet 1:17-19).*
*But there's another type of Chrches which are military bases*
*where saints are trained and sent forth as soldiers*
*to fight the devil and free his captives (Eph 6:10-19).*
***Which church do you belong to?***

# REPORT OF ACTIVITIES



Dear friend in Christ,

Greetings in the resurrected name of our Lord and Saviour Jesus Christ!

It is with much joy that I report the activities during April 2023.

The Worship Services were conducted on all Sundays by Rev. Dr. L .E. Sahanam. Rev. Dr. Crispin Baju, Bro. Aniyankunju Pullad, Sri. K.M. Philip and Rev. Aneesh Varghese shared Gospel messages in the Sunday Services.

On 2nd April we observed Palm Sunday. On all days during the Passion Week, evening worships were conducted under the leadership of sub organizations. Er. Thomas Cris Sarasam, Mrs. Nithya Anish, Mrs. Premula Morris, took lead in the worship services during Passion Week. On Maundy Thursday S.C.F meeting with communion was conducted at 4.30 pm. Passion Week convention started from Maundy Thursday, the main speaker was Bro. Aniyankunju Pullad. The Bible readings and intercessory prayers were done by S.C.F, Men's Fellowship, and CEYF.

On Good Friday, morning service started at 9 a.m. Meditation on Seven Verses of the cross were done by Mr. R. Sajan Samson, Mr. Albert Daniel Vinodh, Mrs. Mechal Godwin, Ms. Brigitta. W. L., Mr. Sen Edwin, Er. Lal Jayakumar, and Mr. Solomon Jacob. CEYF Members arranged the refreshments for the day.

On Easter Sunday, we started the first Tamil Service of our Congregation at Johnson Hall at 7.15 am. As usual Malayalam service was from 9 am onwards. The Easter Concert by our Church choir was conducted at 6.30 pm.

For all services, services of passion week, songs were led by our Church choir and live streaming done by our IT Team.

Vacation Bible School was organized by our Sunday school with the theme: "Great Joy." Directors for the V. B. S. were Mr. K.M. Philip (Director CEF Kerala) and Mr. Manoj Kenneth (Director, Trivandrum YFC). Albert Joseph Memorial Summer School of Music was organized by our Church choir and was held from 17th to 23rd April.

Circle Prayers were conducted at the residences of Mr. Samuel David and Dr. Oliver James.

On 29th Saturday, we had a fasting prayer in remembrance of the attack on our congregation and capture of our M. M. Church building by the anti-social elements under the leadership of the Diocesan Authorities.

The activities of MMCCF are in progress to achieve our goal.

I express sincere thanks to all who are giving whole hearted cooperation and support to proceed in prayer and united action.

With warm regards,

C. F. Santhosh Kumar

*Numerous Church Growth methods are promoted, but very few yield desined results. Here's a sure shot: "Close the church building for a month. Challenge the members to bring atleast one new person when the Church reopens". Incidentally, you will also find out whether your Church would survive persecution. You may laugh at this prescription, but if you try it, you would understand me.* ***Over 95% of Christians have never personally won a soul to Christ! Is this Biblical Christianity?*** *Our Churches have more devotees than diciples, more fans than followers of Jesus! (Mt. 4:19; Jn. 1:40-42a)*



# REMEMBER !!!
# WE ARE THE CHOSEN PEOPLE

**Er. D. Premdas Justus**

By 16th April 2023, we had the 5th Sunday Worship Service in the Johnson Hall and we whole heartedly proclaim that we experienced and enjoyed God's love, protection and guidance throughout this period. So, this is the time to praise Him aloud.

Often I ask myself, may be most of us have the same question - 'why this has happened to our church'. Some people say that our congregation had drifted away from God's path; some say that we have done which were not to be done and we did not do which were to be done. In that case, are we to accept that out of 610 churches of our diocese only our church faltered away from God? Also, out of all the CSI churches spread over the five Southern States, only the Mateer Memorial Church Trivandrum was found guilty? No, that cannot be the reason.

God's word promises that nothing happens in our life without His knowledge or approval. The same promise is applicable to our church also, If it is so, was all that happened on the 29th April 2022 were with His approval? Then why did God allow such an action?

The formation of the Church of South India (CSI) on 26th/27th of September 1947 was a unique and wonderful union of churches. The then leadership did everything wisely and rightly to have a clean administration possible in the days to come. They formulatd all necessary guidelines in the form of Article of Association (AOA) and Memorandum of Association (MOA).

Unfortunately, the wealth of churches blinded the leadership and things began to function in wrong ways, permitting the corruptive

practices to enter in the administrative set up. May be for the last 15 to 20 years, CSI congregations began to experience the effect of corrupt people in power. But the members of the congregations were reluctant to rect against this. The reason is simple; reacting against injustice and atrocities we see around us means sacrificing comfort and going through some sufferings. So no one came forward to save the church, though we believe that a congregation is the Body of Christ. In this way, congregations were not willing to sacrifice their comfort for Christ who suffered and gave His life for us.

All these years, God was watching and waiting for people to voluntarily come forward to react and take necessary steps to save the church, but none came forward. Now the time came for God to intervene, wake up the people who were living in a comfort zone and prepare them to offer their everything to save the church.

God identified one church, one congregation, 'the Mateer Memorial Church and its people' out of the 610 churches of South Kerala Diocese or say, out of the 5000 plus churches of CSI.

God knows allowing us to continue in the LMS compound will not awaken us and we will not be able to labour to accomplish His plan. So, the Lord decided to drive us out of the LMS compound and set us free from the administrative clutches of the diocese. It is for sure that we will not be able to act or even creatively criticize the diocese or the synod authorities while remaining in the LMS compound. God intentionally gave us freedom to react and fight for Him till His plan is fulfilled.

Let us remember with gratitude that though we were driven out of our church, He had arranged everything in advance to keep us as one church, one congregation and a community united in Jesus Christ. He is energising and strengthening us day by day in every respect enabling us to face all challenges and overcome all hurdles in our journey to glorify

His name by fulfilling His plan. God blessed our people so abundantly that we have all resources required to struggle for Him and above all the willingness to sacrifice everything we have for His glory.

And thus, the congregation of Mateer Memorial CSI church has become the 'Chosen People of the Lord Almighty to accomplish His will - A thorough cleaning up of CSI by eliminating all corrupt persons and practices and providing a witnessing leadership to serve the people without any prejudice and to bring back democracy in CSI at the earliest.

Let us realise and accept this call by our Lord, play our part well in full faith and sincerity to God for His glory and wait for His time and process in restoring us back to our MM Church.

May the Almighty bless us and lead us through this period of persecution and turmoil.



## പ്രതിവാര ധ്യാനം

**മെയ് 7, 2023**

*വിഷയം:* **ക്രിസ്തുവിലുള്ള വിശ്വാസം**

പുറ. 14:10-20, സങ്കീ. 116, അ.പ്ര. 16:19-34, യോഹ. 14:1-7

**മെയ് 14, 2023**

*വിഷയം:* **ക്രിസ്തുവിലുള്ള സമാധാനം**

മീഖാ. 4:1-7, സങ്കീ. 85, ഫിലി. 4:4-9, ലൂക്കോസ് 24:36-49

**മെയ് 24, 2023**

*വിഷയം :* **പരിശുദ്ധാത്മാവിൻരെ ഉടമ്പടി**

യോവേൽ 2:28-32, സങ്കീ. 42, ഗലാ. 5:22-26, യോഹ. 14:15-21

**മെയ് 28, 2023**

*വിഷയം :* **സൃഷ്ടിയുടെ പുനരുത്ഥാനം**

യെഹസ്കേൽ 36:24-36, സങ്കീ. 29, അ.പ്ര. 2:1-13, യോഹ. 19-13

# ഓർക്കുക !!!
# നാം തിരഞ്ഞെടുക്കപ്പെട്ട ജനമാണ്

**Er. ഡി. പ്രേംദാസ് ജസ്റ്റസ്**

2023 ഏപ്രിൽ 16 ആയതോടെ, ജോൺസൺ ഹാളിൽ നാം അൻപതാമത്തെ ഞായറാഴ്ച ആരാധന നടത്തി കഴിഞ്ഞിരിക്കുന്നു. ഈ കാലഘട്ടത്തിലുടനീളം നമ്മൾ ദൈവത്തിന്റെ സ്നേഹവും സംരക്ഷണവും മാർഗനിർദേശവും അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്തുവെന്ന് പൂർണ്ണഹൃദയത്തോടെ പ്രഖ്യാപിക്കുന്നു. അതിനാൽ, ദൈവത്തെ ഉറക്കെ സ്തുതിക്കേണ്ട സമയമാണിത്.

പലപ്പോഴും ഞാൻ എന്നോട് തന്നെ ചോദിക്കാറുണ്ട്, നമ്മിൽ പലർക്കും ഇതേ ചോദ്യം ഉണ്ടായിരിക്കാം 'എന്തുകൊണ്ടാണ് നമ്മുടെ പള്ളിക്ക് ഇത് സംഭവിച്ചത്'. നമ്മുടെ സഭ ദൈവത്തിന്റെ പാതയിൽ നിന്ന് അകന്നുപോയെന്ന് ചിലർ പറയുന്നു; ചെയ്യാൻ പാടില്ലാത്തത് നാം ചെയ്തുവെന്നും ചെയ്യേണ്ടത് നാം ചെയ്തിട്ടില്ലെന്നും ചിലർ പറയുന്നു. അങ്ങനെയെങ്കിൽ, നമ്മുടെ മഹായിടവകയിലെ 610 പള്ളികളിൽ നമ്മുടെ സഭ മാത്രമേ ദൈവത്തിൽ നിന്ന് അകന്നുപോയുള്ളൂവോ എന്നത് അംഗീകരിക്കാനാകുമോ? കൂടാതെ, അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന എല്ലാ സിഎസ്ഐ സഭകളിലും, തിരുവനന്തപുരത്തെ മെറ്റീർ മെമ്മോറിയൽ ചർച്ച് മാത്രമാണോ കുറ്റക്കാരനായി കണ്ടെത്തിയത്? ഇല്ല, അതായിരിക്കില്ല കാരണം.

ദൈവത്തിന്റെ അറിവോ അംഗീകാരമോ കൂടാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കില്ലെന്ന് ദൈവവചനം വാഗ്ദാനം ചെയ്യുന്നു. ഇതേ വാഗ്ദത്തം നമ്മുടെ സഭയ്ക്കും ബാധകമാണ്. അങ്ങനെയാണെങ്കിൽ, 2022 ഏപ്രിൽ 29-ന് നടന്നതെല്ലാം ദൈവത്തിന്റെ അംഗീകാരത്തോടെയായിരുന്നോ? പിന്നെ എന്തിനാണ് ദൈവം ഇത്തരമൊരു നടപടി അനുവദിച്ചത്?

1947 സെപ്തംബർ 26/27 തീയതികളിൽ ചർച്ച് ഓഫ് സൗത്ത് ഇന്ത്യ (സിഎസ്ഐ) രൂപീകരണം സഭകളുടെ അതുല്യവും അതിശയകരവുമായ ഒരു ഐക്യസംഭവമായിരുന്നു. വരും നാളുകളിൽ സംശുദ്ധമായ ഭരണം സാധ്യമാക്കാൻ അന്നത്തെ നേതൃത്വം വിവേകത്തോടെയും കൃത്യമായും എല്ലാം ചെയ്തു. ആർട്ടിക്കിൾ ഓഫ്

അസോസിയേഷൻ (AOA), മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (MOA) എന്നിവയുടെ രൂപത്തിൽ ആവശ്യമായ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും അവർ രൂപപ്പെടുത്തി.

നിർഭാഗ്യവശാൽ, സഭകളുടെ സമ്പത്ത് നേതൃത്വത്തെ അന്ധരാക്കി, കാര്യങ്ങൾ തെറ്റായ വഴികളിൽ പ്രവർത്തിക്കാൻ തുടങ്ങി, ഭരണപരമായ സജ്ജീകരണത്തിൽ അഴിമതി സമ്പ്രദായങ്ങൾ കടന്നുവരാൻ നേതൃത്വം അനുവദിച്ചു. കഴിഞ്ഞ 15 മുതൽ 20 വർഷമായി, അധികാരത്തിലിരിക്കുന്ന അഴിമതിക്കാരുടെ സ്വാർത്ഥ പ്രവർത്തനങ്ങൾ ഇടകസഭകൾ അനുഭവിക്കാൻ തുടങ്ങി. എന്നാൽ ഇതിനെതിരെ പ്രതികരിക്കാൻ സഭാംഗങ്ങൾ തയ്യാറായില്ല. കാരണം ലളിതമാണ്; നമുക്ക് ചുറ്റും കാണുന്ന അനീതികൾക്കും അതിക്രമങ്ങൾക്കും എതിരെ പ്രതികരിക്കുക എന്നതിനർത്ഥം നമ്മുടെ സ്വസ്ഥതയും ആശ്വാസവും ത്യജിക്കുകയും ചില കഷ്ടപ്പാടുകളിലൂടെ കടന്നുപോകുകയും ചെയ്യുക എന്നതാണ്. അതുകൊണ്ട് സഭയെ രക്ഷിക്കാൻ ആരും മുന്നോട്ടു വന്നില്ല. സഭ ക്രിസ്തുവിന്റെ ശരീരമാണെന്ന് ഏവരും  വിശ്വസിക്കുന്നു എങ്കിലും, കുരിശിൽ കഷ്ടത അനുഭവിക്കുകയും നമുക്കുവേണ്ടി തന്റെ ജീവൻ നൽകുകയും ചെയ്ത ക്രിസ്തുവിനുവേണ്ടി തങ്ങളുടെ  സ്വന്തം സുഖസൗകര്യങ്ങൾ ത്യജിക്കാൻ സഭകൾ തയ്യാറായില്ല.

ഈ വർഷങ്ങളിലെല്ലാം, സഭയെ രക്ഷിക്കാൻ ആളുകൾ സ്വമേധയാ മുന്നോട്ട് വരാനും ആവശ്യമായ നടപടികൾ സ്വീകരിക്കാനും ദൈവം ശ്രദ്ധയോടെ കാത്തിരിക്കുകയും ചെയ്തു. പക്ഷേ ആരും മുന്നോട്ട് വന്നില്ല. ഇപ്പോൾ ദൈവം ഇടപെട്ട് സ്വസ്ഥ മേഖലകളിൽ കഴിയുന്ന ജനങ്ങളെ ഉണർത്തുകയും സഭയെ രക്ഷിക്കാൻ അവരുടെ എല്ലാം സമർപ്പിക്കാൻ അവരെ ഒരുക്കുകയും  ചെയ്യുന്ന  സമയം വന്നിരിക്കുന്നു.

ദക്ഷിണ കേരള മഹായിടവക 610 പള്ളികളിൽ, അഥവാ സി.എസ്.ഐ.യുടെ 5000 ലധികം പള്ളികളിൽ നിന്ന് ഒരു പള്ളിയെ, ഒരു സഭയെ, 'മെറ്റീർ മെമ്മോറിയൽ പള്ളിയെയും അതിലെ ജനങ്ങളെയും' ദൈവം തിരഞ്ഞു നിയോഗിച്ചു.

എൽ.എം.എസ്. കോമ്പൗണ്ടിൽ തുടരാൻ നമ്മെ അനുവദിച്ചാൽ നാം  ഉണർത്തപ്പെടില്ലെന്നും ദൈവീകപദ്ധതി പൂർത്തീകരിക്കാൻ നമുക്ക് അധ്വാനിക്കാനാവില്ലെന്നും ദൈവത്തിനറിയാം. അതിനാൽ, എൽഎംഎസ് കോമ്പൗണ്ടിൽ നിന്ന് നമ്മെ പുറത്താക്കാനും മഹായിടവകയുടെ ഭരണപരമായ പിടിയിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കാനും കർത്താവ് തീരുമാനിച്ചു. എൽ.എം.എസ്. കോമ്പൗണ്ടിൽ തുടരുമ്പോൾ മഹായി

ടവകയെയോ സിനഡ് അധികാരികളെയോ ക്രിയാത്മകമായി വിമർശിക്കാനോ ദൈവനിയോഗപ്രകാരം പ്രവർത്തിക്കാനോ നമുക്ക് കഴിയില്ലെന്ന് ഉറപ്പാണ്. ദൈവത്തിന്റെ പദ്ധതി പൂർത്തിയാകുന്നതുവരെ കർത്താവിനുവേണ്ടി പ്രതികരിക്കാനും പോരാടാനും ദൈവം മനഃപൂർവം നമുക്ക് സ്വാതന്ത്ര്യം നൽകിയിരിക്കുന്നു.

നമ്മുടെ സഭയിൽ നിന്ന് നാം പുറത്താക്കപ്പെട്ടെങ്കിലും യേശുക്രിസ്തുവിൽ ഏകീകൃതമായ ഒരു കൂട്ടായ്മയായും ഒരു ശരീരമായും ഒരു സഭയായും ഒരു സമൂഹമായും നമ്മെ നിലനിറുത്താൻ ദൈവം മുൻകൂട്ടി എല്ലാം ക്രമീകരിച്ചിരുന്നു എന്നത് നന്ദിയോടെ ഓർക്കാം. ദൈവത്തിന്റെ പദ്ധതി പൂർത്തീകരിച്ചുകൊണ്ട് തിരുനാമത്തെ മഹത്വപ്പെടുത്താനുള്ള നമ്മുടെ യാത്രയിലെ എല്ലാ വെല്ലുവിളികളെയും നേരിടാനും എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്യാനും നമ്മെ പ്രാപ്തരാക്കുന്ന എല്ലാ കാര്യങ്ങളിലും ദൈവം നമ്മെ അനുദിനം ഊർജ്ജസ്വലമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ദൈവം നമ്മുടെ ജനത്തെ സമൃദ്ധമായി അനുഗ്രഹിച്ചു. എല്ലാറ്റിനുമുപരിയായി, ദൈവമഹത്വത്തിനായി നമുക്കുള്ളതെല്ലാം ത്യജിക്കാനുള്ള സന്നദ്ധതയും, കർത്താവിനുവേണ്ടി പോരാടാൻ ആവശ്യമായ എല്ലാ വിഭവങ്ങളും നമുക്കുണ്ട്.

അങ്ങനെ, മെറ്റീർ മെമ്മോറിയൽ സി.എസ്.ഐ. പള്ളിയിലെ വിശ്വാസ സമൂഹം സർവശക്തനായ കർത്താവിന്റെ ഹിതം നിറവേറ്റുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട ജനമായി മാറി. എല്ലാ അഴിമതിക്കാരെയും ദുർപ്രവർത്തനങ്ങളെയും ഇല്ലാതാക്കി, യാതൊരു മുൻവിധിയും കൂടാതെ ജനങ്ങളെ സേവിക്കുന്ന ഒരു സാക്ഷ്യ നേതൃത്വം നൽകിക്കൊണ്ട് സി എസ് ഐ യെ ശുദ്ധീകരിക്കുന്നതിനും, എത്രയും വേഗം സി.എസ്.ഐ.യിൽ ജനാധിപത്യം തിരികെ കൊണ്ടുവരാനും നാം പ്രാർഥനാപൂർവം പ്രയത്നിക്കുന്നു.

നമ്മുടെ കർത്താവിന്റെ ഈ വിളി തിരിച്ചറിഞ്ഞ് അതിനെ നമുക്ക് സ്വീകരിക്കാം. ദൈവത്തോടുള്ള പൂർണ്ണ വിശ്വാസത്തിലും ആത്മാർത്ഥതയിലും ദൈവ മഹത്വത്തിനായി നമ്മുടെ പങ്ക് നന്നായി നിർവഹിച്ച് കൊണ്ട്, നമ്മുടെ സ്വന്തം എംഎം ചർച്ചിലേക്ക് നമ്മെ തിരികെ കൊണ്ടെത്തിക്കുന്നതിനുള്ള ദൈവത്തിന്റെ സമയത്തിനും പ്രക്രിയയ്ക്കും വേണ്ടി നമുക്ക് കാത്തിരിക്കുകയും ചെയ്യാം.

ഈ പീഡനത്തിന്റെയും പ്രക്ഷുബ്ധതയുടെയും കാലഘട്ടത്തിൽ സർവ്വശക്തൻ നമ്മെ അനുഗ്രഹിക്കുകയും നയിക്കുകയും ചെയ്യട്ടെ.

# CHRISTIAN WOMEN AND CONTEMPORARY CHALLENGES



**Dr. Christenson E. Sarasam**

Female child, sister, girl student, lady, woman employee, wife, mother, mother-in-law and grandmother are different positions of femininity. To face various challenges at every stage of life, an ideal female in this world must be shaped by the Holy Spirit of God.

While acknowledging the unique fact that it was Mary, a woman who was blessed to be the first witness of the glorious resurrection of Jesus Christ, there are countless women today and around the world who need to be freed from all their bondages and set on freedom in their daily walks of life. Of late, there is a growing awareness within the Christian community to focus on the need for women to be part of God's liberating work. **Wherever Jesus went during His earthly ministry, women followed (Luke 8:1-3).** They followed Jesus to the villages and towns of Galilee. Besides the twelve disciples, there were also women who closely associated with Jesus. These followers of Jesus experienced God's love and compassion as Jesus healed them of diseases, demons, and infirmities. Along with the twelve, such women not only heard Jesus' teachings, but also witnessed His miracles and wondrous works. As true followers of Christ, women cannot stand aloof and watch as mere spectators in silence. The need of the hour is to become partakers in the ministry of deliverance and redemption.

**Transmit Good news and liberate people**

At the momentous scenes of Jesus' crucifixion, death, burial and subsequent events, **several women were present who had regularly accompanied Him (Mark 15:40-41, 47). These loving women turned out to be heralds of the risen Lord.** The angel of Jesus himself

appointed them to preach the good news to the scattered disciples. Paul, the greatest missionary, recognized, highlighted and praised the service of women. Even today, God accomplishes His plan of redemption through ordinary women without any discrimination. God wants each one to be his partners and collaborators in liberating people who are victims of unjust social structures and systems.

**Realize the power of faith**

Jesus tells the woman with the issue of blood that her faith made her whole. **"When Jesus turned and saw her, He said: "Daughter, take courage, your faith has saved you" (Mathew 9:19-22.** Like her, we often do not realize the power of our faith in God. Jesus' healing message prompts her to look deep within herself to find the source of her strength. The woman with the flow of blood suffered with this infirmity for 12 years which seriously hampered her contributions to her community. She received healing from Jesus.

Isn't it ironic that when the Christian church today talks about women's empowerment, it implies that they lack a power and therefore need some power from outside? But Jesus challenges the woman, thus enabling her to find that strength of faith within herself. **The issue here for Christian women is not women's empowerment - it is absolutely essential to ensure the self-sustainability of women themselves.**

**Mothers in Christian families**

Women in the family have a significant role in either building or breaking their immediate environment. A clever wife, is most supportive to her husband in building up the family. She is loyal within the home as well earns respect in society. Children are influenced more by their own mothers. Some mothers keep their children in their pockets of safety and security. Too much protection extended to children is a sign of excessive possessiveness. This selfishness bestows love beyond reason. **Shedding this domineering tendency, mothers should totally surrender to God and take initiative in training their children in**

**prayer, meditation, self-sacrifice, frugality, saving, tithing and helping others.**

**Involve in fighting injustice**

We live in a society infected with injustice. In general, women, children, senior citizens, physically weak, financially shattered, lower castes, landless and slum dwellers are victims of isolation and exploitation. Potential and resourceful people tend to hold a callous and convenient attitude. **In many parts of our country, the girl child is considered a burden on the family. Sadly, this attitude is prevalent even in Christian homes today.** Female child labour is rampant. Young girls, ladies and youthful women are targeted and exploited – in school, college and workplace. Mafia gangs make them addicts of alcohol, drugs and use them as secret carriers of narcotic substances.

There is no end to domestic violence, dowry disputes and immoral traffic - irrespective of family tradition, education, official position, culture, caste and creed. Many innocent people, especially women get inextricably trapped in the social media maze every day for no reason or for wrong reasons and mistaken notions. The agonies of girl children with congenital diseases, unmarried ladies, unemployed women, widows, separated wives and divorcees remain unabated. The Church must recognize the responsibility of equipping women to address these issues and face challenges with conviction, confidence and courage. The **Christian women's community must arise and undertake the task of emancipation by eradicating these indiscriminate onslaughts inflicted upon the hopeless, helpless and hapless females in our visible proximity.** The gifted, resourceful, elite, chosen, committed and dedicated women of our Mateer Memorial Church Congregation are empowered by God to constantly tarry in prayer seeking God's leadership to courageously and fearlessly participate in the struggles of women folk in society and tirelessly endeavour towards preserving and perpetuating their precious lives.



# ഉണർന്നിരിപ്പിൻ

എൽ. ജെ. പത്മകുമാർ

**മ**ത്തായി 24-ാം അദ്ധ്യായത്തിൽ ലോകാവസാനത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് യേശു തന്റെ ശിഷ്യന്മാരോട് വളരെ വ്യക്തമായി പറയുന്നതായി നാം കാണുന്നു. തന്റെ രണ്ടാംവരവ് വളരെ അടുത്തിരിക്കുന്നു എന്നും അത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം എന്നും അതിനായി നാം ഒരുക്കമുള്ളവരായിരിക്കണമെന്നും യേശു അവരെ പഠിപ്പിക്കുന്നു.

ഇതിന്റെ തുടർച്ചയായി മത്തായി 25-ന്റെ 1മുതൽ 13 വരെയുള്ള വാക്യങ്ങളിൽ യേശു 10 കന്യകമാരുടെ ഉപമ പറയുന്നു. ഈ ഉപമയിലെ മണവാളൻ യേശു തന്നെയാണ്. (ലൂക്കൊസ് 5:4, 35). കന്യകമാർ അഭിഷിക്ത ക്രിസ്ത്യാനികളാണ്. മണവാളൻ വരുമ്പോൾ കന്യകമാർ വിളക്കു കത്തിച്ച് മണവാളനെ എതിരേൽക്കാൻ ഒരുങ്ങി കാത്തിരിക്കേണ്ടതായിരുന്നു. ലൂക്കൊസ് 12-ാം അദ്ധ്യായത്തിലും 2 കൊരിന്ത്യർ 11-ാം അദ്ധ്യായത്തിലും വെളിപ്പാട് 14-ാം അദ്ധ്യായത്തിലും ക്രിസ്തുവിന്റെ അഭിഷിക്തരായ അനുയായികളെ നിർമ്മല കന്യകമാരോടാണ് ഉപമിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ഉപമയിലെ കന്യകമാർ ക്രിസ്തുവിന്റെ അഭിഷിക്തരായ അനുയായികൾ അല്ലെങ്കിൽ ക്രിസ്തുവിന്റെ സഭ എന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. തന്റെ രണ്ടാംവരവിനെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ആണ് യേശു ഈ ഉപമയിൽക്കൂടി പഠിപ്പിക്കുന്നത്.

പ്രതീക്ഷിച്ചതിലും വൈകിയാണ് മണവാളൻ വിവാഹത്തിനായി എത്തിയതെങ്കിലും വിളക്കിനോടൊപ്പം അധികമായി എണ്ണ കരുതിയിരുന്ന ബുദ്ധിമതികളായ കന്യകമാർക്ക് മണവാളനെ സ്വീകരിക്കാനും അവനോടൊപ്പം കല്യാണസദ്യയിൽ പങ്കെടുക്കുവാനും സാധിച്ചു. അധിക എണ്ണ കരുതാത്ത ബുദ്ധിയില്ലാത്ത കന്യകമാർക്ക് പ്രവേശനം നിഷേധിച്ചുകൊണ്ട് വാതിലുകൾ അടയ്ക്കപ്പെട്ടു. അകത്തു കടക്കാനുള്ള അവരുടെ അഭ്യർത്ഥന നിഷേധിക്കപ്പെടുകയും ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന് മണവാളൻ അവരെ തള്ളിപ്പറയുകയും ചെയ്തു.

ഈ ഉപമയിൽ നിന്ന് നമുക്ക് അനേകം പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയും.

**I. വിളക്കല്ല എണ്ണയാണ് പ്രധാനം**

ഉപമയിലെ എല്ലാ കന്യകമാരും മണവാളനെ സ്വീകരിക്കുവാൻ വിളക്കുകളുമായി ഒരുങ്ങിയിരിക്കുകയായിരുന്നു. മണവാളനെ സ്വീകരി

ക്കാൻ എല്ലാവരും ഒരുപോലെ ഒരുങ്ങി നില്ക്കുകയാണെന്ന പ്രതീതി ഉണ്ടായി. പക്ഷേ കൈവശം വിളക്കുകൾ ഉണ്ടായിരുന്നു എന്നതുമാത്രം മതിയായിരുന്നില്ല. എണ്ണയില്ലാത്ത വിളക്കുകൾ ഫലത്തിൽ ഉപയോഗ ശൂന്യം തന്നെ. പലപ്പോഴും നാം വിളക്കിന്റെ പുറംവശം എങ്ങനെയിരിക്കും എന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. നിർഭാഗ്യവശാൽ വിളക്കിനുള്ളിലെ എണ്ണയെ ക്കുറിച്ച് നാം ചിന്തിക്കാറില്ല. ബൈബിളിൽ എണ്ണ പരിശുദ്ധാത്മാവിനെ പ്രതിനിധീകരിക്കുന്നു. അതിനാൽ നാം ഓരോരുത്തരും യഥാർത്ഥത്തിൽ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിരിക്കുന്നുവോ എന്നതാണ് പ്രധാന ചോദ്യം.

റോമർ 8:9 ൽ ഇപ്രകാരം പറയുന്നു: "നിങ്ങളോ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവം ഉള്ളവരല്ല. ആത്മസ്വഭാവമുള്ളവരത്രേ. ക്രിസ്തുവിന്റെ ആത്മാവ് ഇല്ലാത്തവൻ അവനുള്ളവൻ അല്ല."

നാം രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ വസിക്കും. പരിശുദ്ധാത്മാവ് പ്രാപിക്കാത്തവർ എണ്ണയില്ലാത്ത വിളക്കുകളെപ്പോലെ ആകുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാംവരവിൽ പരിശുദ്ധാത്മാവ് പ്രാപിക്കാത്തവരായി ആണ് നാം ക്രിസ്തുവിനെ സ്വീകരിക്കാൻ മുതിരുന്നതെങ്കിൽ തീർച്ചയായും നമ്മുടെ അവസ്ഥയും ബുദ്ധിയില്ലാത്ത കന്യകമാരെപ്പോലെയായിരിക്കും. നമുക്ക് മുന്നിൽ വാതിലുകൾ അടയ്ക്കപ്പെടുകയും നാം പുറന്തള്ളപ്പെടുകയും ചെയ്യും.

നിരന്തരമായ പ്രാർത്ഥനയാലും ആരാധനയാലും നമുക്ക് പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ കഴിയും. നാം ജഡസ്വഭാവമുള്ളവരല്ല. ആത്മസ്വഭാവമുള്ള വരായിമാറും. ദൈവം നമ്മെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുകയും നമ്മെ പുതുക്കുകയും ആത്മാവിൽ ബലപ്പെടുത്തുകയും ചെയ്യും. അങ്ങനെയെങ്കിൽ നമുക്ക് ഒരു വിളക്കായി ശോഭിക്കുവാൻ കഴിയും. നമ്മിലെ വെളിച്ചം ചുറ്റുപാടും പ്രകാശിപ്പിക്കുവാൻ കഴിയും.

**II. "ഞാൻ നിങ്ങളെ അറിയുന്നില്ല"**

മണവാളനെ വരവേൽക്കാൻ ഒരുങ്ങിയിരിക്കാത്ത ബുദ്ധിയില്ലാത്ത കന്യകമാരോട്: "ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന് സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു" എന്നു കർത്താവ് പറഞ്ഞ വാക്കുകേട്ട് അവർ ദുഃഖിച്ചു. തങ്ങൾ പുറന്തള്ളപ്പെട്ടു എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ അവർക്ക് കഴിയുമായിരുന്നില്ല. ഇതിനു സമാനമായി മത്തായി 7:23-ൽ "ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല" എന്ന് പിതാവിന്റെ ഇഷ്ടം ചെയ്യാത്തവരോടായി യേശു പറയുന്നു.

യേശുവിനെ നമുക്ക് അറിയാമോ എന്നതല്ല; എന്നാൽ യേശുവിന് നമ്മെ അറിയാമോ എന്നതാണ് കാതലായ പ്രശ്നം. യേശു നമ്മെ അറിയണമെങ്കിൽ നാം അവനിൽ വിശ്വസിക്കുകയും അവനെ രക്ഷിതാവായി സ്വീകരിക്കുകയും വേണം. അവന്റെ നാമത്തിൽ പ്രവചിക്കുന്നതോ, അവന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതോ, അവന്റെ നാമത്തിൽ വീര്യപ്രവൃത്തി ചെയ്യുന്നതോ യേശു നമ്മെ അറിയുവാൻ മതിയായവ അല്ല. അവനിൽ വിശ്വസിക്കുന്ന ആ നിമിഷം അവൻ നമ്മെ അറിയും. അതിനാൽ ആ തീരുമാനം മാറ്റിവയ്ക്കപ്പെടാവുന്നതല്ല. സാവധാനം എടുക്കാവുന്നതുമല്ല. ഇതാണ് നമുക്ക് അവനിലുള്ള വിശ്വാസവും പ്രത്യാശയും.

യേശുവിന്റെ രണ്ടാം വരവിൽ അവനെ സ്വീകരിക്കുവാനുള്ള തയ്യാറെടുപ്പിന്റെയും സന്നദ്ധതയുടെയും ആവശ്യകത ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു. അതിന് തയ്യാറെടുത്തില്ലെങ്കിൽ ഉടൻ തന്നെ ആരംഭിക്കേണ്ടതാണ്. അവന്റെ വരവ് എപ്പോൾ വേണമെങ്കിലും സംഭവിക്കാം. ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല (മത്തായി 24:36). തന്റെ രണ്ടാം വരവ് എപ്പോഴാണെന്ന് കർത്താവിന് തന്നെ അറിയില്ലെങ്കിൽ നമുക്ക് എങ്ങനെ പ്രവചിക്കാൻ കഴിയും. "മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവ് ആകും" (മത്തായി 24:27).

**III. പരിശുദ്ധാത്മാവ് ദൈവത്തിന്റെ ദാനം**

ക്രിസ്ത്യാനികളായ നാം നമുക്കുള്ളത് മറ്റുള്ളവരുമായി പങ്കിടുവാനും അങ്ങനെ അവരെ സഹായിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇവിടെ അത്തരത്തിൽ ഒരു പങ്കിടലിന്റെ അനുഭവം കാണുന്നില്ല. കാരണം ഇവിടെ പറഞ്ഞിരിക്കുന്ന എണ്ണ പരിശുദ്ധാത്മാവിനെയാണ് പ്രതിനിധാനം ചെയ്യുന്നത്. പരിശുദ്ധാത്മാവിനെ സ്വായത്തമാക്കേണ്ടത് ദീർഘകാലത്തെ ആത്മീയ തയ്യാറെടുപ്പിലൂടെയാണ്. അങ്ങനെ സ്വായത്തമാക്കിയ പരിശുദ്ധാത്മാവിനെ മറ്റുള്ളവരുമായി പങ്കിടുക സാധ്യമല്ല. അതിന് അവനവൻ തന്നെ കർത്താവുമായി നല്ലൊരു ആത്മീയ ബന്ധം സ്ഥാപിക്കേണ്ടതാണ്.

**IV. സഭകൾ പ്രകാശം പരത്തുന്നവയാകണം**

10 കന്യകമാരും വിശ്വാസികൾ എന്ന് അവകാശപ്പെടുന്നവരെ പ്രതിനിധീകരിക്കുന്നു, അതായത് സഭയെ. പരിശുദ്ധാത്മാഭിഷേകം ലഭിച്ചിട്ടുള്ളവർക്കു മാത്രമേ ക്രിസ്തുവിന്റെ വെളിച്ചം ആകാൻ സാധിക്കുക

യുള്ളു. ചിലർ എണ്ണയില്ലാത്ത ശൂന്യ വിളക്കുകൾ മാത്രമാണ്. അവർ ജീവിക്കുന്ന ക്രിസ്തുവിന്റെ പ്രകാശം വഹിക്കുന്നില്ല. യഥാർത്ഥത്തിൽ അവർ കപടഭക്തന്മാരാണ്. യേശുവിന്റെ ശിഷ്യനായിരുന്ന യൂദാ ഒരു കപട ഭക്തനായിരുന്നു (യോഹ. 12:4-6, 6:70-71) ആത്മാർത്ഥമായി അനുതപിക്കുകയും പാപത്തിൽ നിന്നും പിന്തിരിയുകയും ക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തവർക്കു മാത്രമേ ലോകത്തിന്റെ വെളിച്ചമാകുവാൻ സാധിക്കുകയുള്ളു. വിശ്വാസികളെ വെളിച്ചമാക്കുക എന്നതാകണം സഭയുടെ ദൗത്യം.

യഥാർത്ഥത്തിൽ 10 കന്യകമാരുടെ ഈ ഉപമ ഒരു ഉണർവ്വിന്റെ വിളിയാണ്. ക്രിസ്തുവിന്റെ രണ്ടാം വരവിങ്കൽ എണ്ണ ഇല്ലാത്ത വിളക്കുകളുമായി അവനെ സ്വീകരിക്കാൻ നിൽക്കുന്നവർക്കു വേണ്ടിയുള്ള ഒരു ഉണർവിന്റെ കാഹള നാദം.

ഈ അവസാന നാളുകളിൽ അധികം എണ്ണയുള്ള വിളക്കുകളാകാൻ ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ. ആമേൻ

## The Sunset Turned to Dawn

The two people walking to Emmaus were confused and bewildered. They were walking towards the sun set. Darkness was falling not only on their day but also on their perception. But the resurrected Christ walked along with them and restored them to fellowship and day break.

They were in confusion as they could not believe in everything the prophets had said. Their appropriation of the word was only partial. They were impressed with the words and deeds of Jesus. The words and deeds of Jesus were mistakenly taken by the elders and chief priests that they killed him. Even the followers of Jesus were thinking of the glory of Christ. They were impressed with his words and deeds that their hopes about him was of a political messiah. They could not take the concept of a suffering messiah. The resurrected Jesus walked along with them to talk about the prophecies and to enlighten them, regarding the mission of Christ as a suffering messiah. The darkness in their perspectives was dispelled by the light of illumination.

# ക്രൂശിലെ യാഗം



**S.R. Chandrika Jayadas**

മുൾമുടി ചൂടി കാൽവരിയിൽ നാഥൻ
കുരിശും ചുമന്നിതാ പോയിടുന്നു.
അതിവേദനയാൽ അതിനിന്ദിതനായ്
കുരിശതിൽ ബലിയായി യാഗമായി. (മുൾമുടി)

നന്മകൾ മാത്രം ചെയ്തവൻ നാഥൻ
നന്മയല്ലാതൊന്നും ചെയ്തിട്ടില്ല.
"നിന്നോടുകാട്ടി ഇത്രയും ക്രൂരത
നീയോ ഞങ്ങൾക്കായ് ജീവനേകി" (മുൾമുടി)

കള്ളന്മാർ നടുവിൽ ക്രൂശിതനാക്കി
കളവൊന്നും ചെയ്യാതെ കള്ളനാക്കി.
എങ്കിലും നാഥൻ അതെല്ലാം ക്ഷമിച്ചുകൊ-
ണ്ടിഹലോകവാസം വെടിഞ്ഞുവല്ലോ? (മുൾമുടി)

പാപരഹിതനായ് ജീവിതം ചെയ്തവൻ
മാനവപാപം വഹിച്ചു ക്രൂശിൽ.
ലോകത്തിനെന്നെന്നും മാതൃക തന്നു
സ്വർഗ്ഗകവാടം തുറന്നുതന്നു. (മുൾമുടി)

## സ്ത്രീകൾ

*ഒരു ശിശുവായി തുടങ്ങി, ഒരു മകളായി, സഹോദരിയായി, ഭാര്യയായി, അമ്മയായി, അങ്ങനെ വിവിധ അവസ്ഥാന്തരങ്ങളിലൂടെ സമൂഹത്തിന്റെ പുണ്യമായി, പുളകമായി, പൂജിതയായി ജന്മമെടുക്കുന്ന സൂര്യശോഭ യാണ് സ്ത്രീ. വിശുദ്ധ വചനം പറയുന്നു സ്ത്രീകളാണ് ഭവനം കെട്ടു പണി ചെയ്യുന്നത്. സ്ത്രീയെ അംഗീകരിക്കണമെന്നും മാനിക്കണമെന്നും സ്നേഹത്തോടെ അവളോട് വർത്തിക്കണമെന്നും ഭാര്യയായ സ്ത്രീയെ ഉപേക്ഷിക്കരുതെന്നും വിശുദ്ധ വേദപുസ്തകം പറഞ്ഞുതരുന്നുണ്ട്. സ്ത്രീകൾക്ക് വേണ്ട സുരക്ഷ ലഭിക്കാത്ത ഏത് സമൂഹവും അപരിഷ് കൃതമാണ്. സ്ത്രീക്ക് വില ഇടുവാനോ, അവളെ തുലനം ചെയ്യുവാനോ സാധ്യമല്ല. ഒരു ഭവനത്തിൽ തുല്യ നീതിയും തുല്യ അവകാശവും ലഭ്യ മാകേണ്ട ഏറ്റവും വിലയേറിയ സ്വത്താണ് സ്ത്രീ. അമ്മമാരുടെ സഹ നവും സ്നേഹവും ഭൂമി ഉള്ള കാലത്തോളം മറക്കുക സാധ്യമല്ല.*



# സകലവും നന്മക്കായി കൂടി വ്യാപരിപ്പിക്കുന്ന ദൈവം

**ജെ. ദാനാബായ്**

ക്രിമിനൽ ജുഡീഷ്യൽ സർവ്വീസിലെ കീഴ് കോടതികളിൽ ജൂനിയർ സൂപ്പറിൻഡന്റ് ആയി ജോലി ചെയ്തിരുന്ന ബി.എൽ. പാസ്സായവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം എന്നെ ചെങ്ങന്നൂർ സബ് മജിസ്ട്രേറ്റ് ആയി നിയമിച്ചു. 2-4-1980-ൽ ഞാൻ അവിടെ ചാർജ്ജ് എടുത്തു.

6-10-1980-ൽ തിരുവല്ല മീന്തലക്കര ക്ഷേത്രത്തിനടുത്തു നടന്ന കുപ്രസിദ്ധമായ കരിക്കൻ വില്ല ദമ്പതി കൊലക്കേസിലെ പ്രതികളായ ചെന്നെയിൽ എയ്റോനോട്ടിക്കൽ എൻജിനീയറിംഗ് വിദ്യാർത്ഥികളും സുഹൃത്തുക്കളും ആയ റെനി ജോർജ്ജ്, ഹസൻ ഗുലാം മുഹമ്മദ്, ഗുണശേഖരൻ, കിബിലോ ദാനിയേൽ എന്നിവരെ കേസ് അന്വേഷിച്ച പ്രധാന അന്വേഷണ ഉദ്യോഗസ്ഥനായ മുൻ ഡി.ജി.പി. ശ്രീമാൻ സിബി മാത്യൂസ് അറസ്റ്റ് ചെയ്തു. അന്ന് തിരുവല്ല കോടതിയുടെ ചാർജ്ജ് ഉണ്ടായിരുന്ന എന്റെ ചേമ്പറിലാണ് ഹാജരാക്കിയത്. അവരെ ജയിലിലേക്ക് റിമാന്റ് ചെയ്തിട്ട് ഞാൻ അവരോട് പറഞ്ഞു: “നിങ്ങൾ ചെയ്ത കുറ്റം വധശിക്ഷ കിട്ടാനുള്ള എല്ലാ സാദ്ധ്യതകളുമുള്ള കുറ്റമാണ്. ദൈവത്തിനു മാത്രമേ നിങ്ങളെ രക്ഷിക്കാനാകൂ. അതിനാൽ നിങ്ങൾ ചെയ്ത പാപത്തിനും കുറ്റത്തിനും ദൈവത്തോട് മാപ്പ് ചോദിച്ച് ഓരോരുത്തരും എന്നെ രക്ഷിക്കണമെന്ന് ദൈവത്തോട് അപേക്ഷിപ്പിൻ”. 15 വർഷത്തെ ജയിൽ ശിക്ഷ കഴിഞ്ഞ് റെനി മാനസാന്തരപ്പെട്ട് സുവിശേഷകനായി പുറത്തിറങ്ങി. വിവാഹിതനായി, അച്ഛനായി. ജീവകാരുണ്യ പ്രവർത്തകനായി മികച്ച സാമൂഹിക സേവകനുള്ള ‘പിസാ കോർണർ അവാർഡ്’ ജേതാവായി. ഈ കൊലപാതകം പ്രമേയമാക്കി 1981-ൽ നിർമ്മിച്ച സിനിമയാണ് “മദ്രാസിലെ മോൻ”.

10-01-83 മുതൽ 5-12-84 വരെ പെരിന്തൽമണ്ണ സബ് മജിസ്ട്രേറ്റ് ആയി വർക്ക് ചെയ്തു. ആ സമയത്ത് പി.എസ്.സി. ടെസ്റ്റ് എഴുതി പാസ്സായ എന്നെ തിരുവനന്തപുരം സബ് മജിസ്ട്രേറ്റ് 2 ആയി പോസ്റ്റ് ചെയ്തു. അവിടെ നിന്ന് പ്രൊമോഷൻ ആയി 1-4-86-ൽ പാലക്കാട് അഡീഷണൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് ആയി ചാർജ്ജ്

എടുത്തു. അവിടെ ഇരുന്ന് പി.എസ്.സി.യുടെ മുൻസിഫ് ടെസ്റ്റ് എഴുതി പാസ്സായ എന്നെ മൂവാറ്റുപുഴ മുൻസിഫ് ആയി പോസ്റ്റ് ചെയ്തു. അവിടെ ജോലി ചെയ്തിരുന്ന 28-7-86 മുതൽ 29-5-87 വരെയുള്ള കാലയളവ് അക്രൈസ്തവരെപ്പോലും അമ്പരപ്പിക്കുന്ന വിധത്തിലുള്ള അത്ഭുതകരമായ ദൈവീക ഇടപെടലിന്റെയും ദൈവീക സംരക്ഷണത്തിന്റെയും കാലമായിരുന്നു. അവിടെ നിന്ന് 1-6-87-ൽ നെയ്യാറ്റിൻകര ഫസ്റ്റ് അഡീഷണൽ മുനിസ്സിഫ് ആയും 1-4-89-ൽ പ്രിൻസിപ്പൽ മുനിസ്സിഫ് ആയും ജോലി നോക്കി. നെയ്യാറ്റിൻകര പ്രിൻസിപ്പൽ മുൻസിഫ് ആയിരിക്കുമ്പോൾ 30-04-1991-ൽ പെൻഷനായി.

**തിരിഞ്ഞു നോക്കുമ്പോൾ എന്റെ വഴികളല്ല ദൈവത്തിന്റെ വഴികളെന്നും, ദൈവത്തിന്റെ വഴികൾ എപ്പോഴും തികവുള്ളതാണെന്നും മനസ്സിലാക്കുന്നു. ഞാൻ ജോലി ചെയ്ത സ്ഥലങ്ങളിലെല്ലാം തിരുവചനപ്രകാരവും ജുഡീഷ്യൽ എത്തിക്ക്സ് അനുസരിച്ചും "with out fear and favour" ന്യായം നടത്തുവാൻ കർത്താവു കൃപ തന്നു സഹായിച്ചു.**

*ആവർത്തനം 1:31 ''ഒരു മനുഷ്യൻ തന്റെ മകനെ വഹിക്കുന്നതുപോലെ നിങ്ങൾ ഈ സ്ഥലത്തു എത്തുവോളം നടന്ന എല്ലാ വഴികളിലും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ വഹിച്ചു എന്നു നിങ്ങൾ കണ്ടുവല്ലോ".*

ഒരു ന്യായാധിപൻ എന്നെ ന്യായപാലനം ചെയ്യണമെന്ന് തിരുവചനത്തിൽ പലസ്ഥലത്തും പറഞ്ഞിരിക്കുന്ന 'ഗയിഡ് ലൈൻസ്' എന്നെ ഒരുപാട് സ്വാധീനിക്കുകയും സഹായിക്കുകയും ചെയ്തു.

കൈക്കൂലിക്കും സ്വജനപക്ഷപാതത്തിനും ഞാൻ എതിരായിരുന്നതിനാൽ സർവ്വീസിൽ ഉടനീളം ഒരുപാടു ബുദ്ധിമുട്ടുകളും ഭീഷണികളും എനിക്ക് അനുഭവിക്കേണ്ടി വന്നിട്ടുണ്ടെങ്കിലും അവയൊക്കെ തരണം ചെയ്യാൻ കർത്താവു കൃപ തന്നു.

ഞാൻ റിട്ടയർ ചെയ്ത ഏപ്രിൽ 1991-ൽ കേരള ഹൈക്കോർട്ട് ചീഫ് ജസ്റ്റിസ് ആയിരുന്ന പ്രഗത്ഭരായ ജസ്റ്റിസ് വി.എസ്. മലിനാഥ് 26-04-1991-ൽ അദ്ദേഹത്തിന്റെ അന്നത്തെ ക്യാമ്പ് ഓഫീസായ ബാംഗ്ലൂരിൽ നിന്ന് എനിക്ക് അയച്ചു തന്ന കത്തു ഇങ്ങനെ ആയിരുന്നു.

"You will be retiring at the end of this month after having served the administration of Justic for more than 11 years in different capacites as

Judicial Magistrate of the Second Class, Judicial Magistrate of the Ist Class and Munsiff. You have the satisfaction of having rendered useful service to the best of your capacity. On the eve of your retirement, I would like to convey my good wishes to you for good health and contented retired life. With best wishes". 1 പത്രൊസ് 2:6 "അവനിൽ വിശ്വസിക്കുന്നവർ ലജ്ജിച്ചു പോകയില്ല"

*എഫെസ്യർ 3:20 "നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തംപരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു"* (ദൈവത്തിന്) സകല ബഹുമാനവും മഹത്വവും കരേറ്റുന്നു.






## *Easter's Brightness*

*- Steffy Miriam Sunil*

*O come, Jesus our Saviour is risen*
*Let's go and worship Him!*
*Our Saviour who gave us freedom from sins*
*Will deliver us from all bondages*

*He died on the cross*
*To forgive our sins*
*And rose again the third day*
*O, devil's darkness lost its power*

*Jesus saved us and lives for us*
*Heals all our diseases*
*We all should obey and praise Him*
*As He is the Son of God.*



**Eva T. Arun**
(Primary)

# *God's Love*

*We are God's children*
*The way of God, we must follow*
*I like to walk with Him*
*I like to talk with Him*
*I like to go with Him*
*God is my love ever and ever*
*Ever ever ever ever in every time*

## The Scripture is our light

Dear little friends,

I hope you are all well. Do you get our Church Voice regularly? The sporting feats of both Alan and Johnathan were published in the Kids' corner pages of the previous issues. **Did you read them?** If your answer is yes, then I am sure you are inspired by their achievements.

I don't know how many of you have travelled by train, ship and plane. Normally, a common man walks on foot. But nowadays, many travel on the road in two-wheeler or four-wheeler vehicles. Isn't it true? On all such occasions, you will see many types of signals installed on different parts of the road. This is to monitor your movement and prevent dangers. **Observance of traffic signals make your journey safe and secure.** Those who break traffic signals are penalised and punished. Recently, our government has positioned AI cameras at key junctions and crowded locations to identify the erring passengers, vehicles and

drivers. The matter has aroused many debates and controversies. Anyway, for the past many decades, our roads with vehicular traffic have had good light signals and reflective signals which operate even at night!

Apart from roads, different signal arrangements can be found at railway stations, airports and seaports. Universally, red signals to stop, yellow signals to pause and green signals to proceed. Are you wondering why all this? Of course, all this is designed for human safety and smooth movement of vehicles. Ignoring the signals can lead to accidents, minor or major. Don't we read about such accidents in the newspapers every day?

In your journey of life also, there are countless hidden dangers. If you take the signals casually, you will invite accidents. If you are careful enough, these casualties can be avoided. **To enable us to move forward safe and secure, God has given us the lamp of God's word: the Holy Scripture - in the form of the Holy Bible.** There are quite a lot of signals in the Bible in the form of instructions and commands for us to follow. We are asked to read, understand, meditate and obey the Word diligently. ***God's word is a lamp to our feet***
***and a light to our path (Psalms 119:105).***

If you ignore the Word of God, you will unwittingly jump into danger. You may commit mistakes and fall into sin. Many children these days are losing their direction due to various types of sins. To prevent this from happening in your life, **you must read the Bible regularly, study, and live according to God's Word.**

I pray that God will help you all to move forward obeying the Bible. **Make it a habit to observe Scriptural signals.** May God enable you to carry out your journey joyfully and carefully in the light of God’s Word.

Uncle Kids’

# CROSSWORD PUZZLE 2




### Across

3. ruler of judah (Amos 1:1)
6. 'protiac' jumbled
8. sheep's cry
11. down with flu
13. Jesus' coat didnt have one
14. Hebrew word for god in the Bible
15. time it took god to complete creation
16. planet named after roman goddess of love & beauty
18. Cain & Abel
20. triggers
22. the mouth of a large river where the tide meets the river

**Answers to puzzle 1**: 1) Hero2) Thorax 3) Tents 4) Delhi 5) Solomon 6) Worship 7) Orange 8) Pistol 9) Barrel 10) Ring 11) Commanded 12) Maliciousness 13) Taller 14) Helmet 15) Black 16) Captain 17) Echo 18) Watt 19) Lore 20) Iron 21) Cow 22) Oasis

NB : Find answers to this crossword puzzle in the next issue. Clues are both from the Bible and General Knowledge.

### Down

1. dove's delivery (Gen. 8:11)
2. a person whose behavior is belived to be influenced by the moon
4. Spanish goodbye
5. 'happy to hear it'!
7. dizziness
9. absorbs like a sponge
10. he is the ----of salvation(2Sam 22 : 51)
12. 'hair managers'
17. second hand
19. computer folks
21. 'car marks' in soil

Compiled by : **Premchand Johnson**

BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Epistle to Galatians6, Epistle to Ephesians and Epistle to Philippians1 to 3. Kindly, read these ten chapters before attempting the quiz.In the reading portionApostle Paultalks a lot about how a Christian should live. Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before May23rdthrough email at churchvoicequiz@gmail.com

Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.
After taking a photo make sure that the answers are readable before sending it.
**Email is the only mode of communication.**

*The Bible Quiz can be downloaded every month using the URL https://is.gd/cvquiz You can also scan the QR code to go to the link.*

1. Who along with Paul wrote the epistle to God's holy people Philippi?
2. "Now to him who is able to do immeasurably more than all we ask or imagine, according to his power that is at work within us, to him be glory in the church and in Christ Jesus throughout all generations, for ever and ever! Amen." What is the Bible reference of this familiar benediction?
3. Who deceives themselves?
4. Paul belongs to which tribe?
5. With Christ as the chief cornerstone, the foundation consists of whom?
6. Paul was an apostle by whose will?
7. Whom did the church in Philippi sent to Paul to take care of his needs?
8. The apostle says that we should not give a foothold to whom?
9. What is the helmet, in the armour of God?
10. The fruit of light consists in what?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*

*The correct answers to the quiz from 2 Corinthians 9 to 13 and Galatians 1 to 5*

1. 15 days (Gal. 1:18)
2. Hagar (Gal. 4:24)
3. Macedonians (2 Cor. 9:2)
4. 3 (2 Cor. 12:8)
5. Scripture (Gal. 3:22)
6. An angel of light (2 Cor. 11:14)
7. Paul (2 Cor. 10:10)
8. Love your neighbour as yourself. (Gal. 5:14)
9. 2 Corinthians 13:14
10. James, Peter and John (Gal. 2:8)

*List of people who had submitted the right answers*

1. Sujana Satish
2. Meehal Godwin
3. Helen Saramma E. H.
4. Latha Job
5. Nesakumari Davidson
6. Gladis J.
7. Soben S. L.
8. Dora Johnson
9. Lalitha Jacob
10. Reuben S. L.
11. Anie Reuben
12. Lilora P. R.
13. Chandra John
14. J. Sumangala
15. Jolly David
16. Girly Rajesh John
17. Rajesh John Ross

## ചർച്ച് വോയിസ് ബൈബിൾ ക്വിസ്സ് (മലയാളം പരിഭാഷ)

**മെയ് 2023, ഗലാത്യർ 6, എഫെസ്യർ, ഫിലിപ്പിയർ1–5**

എല്ലാമാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ച തിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. ഫിലിപ്പിയിലുള്ള വിശുദ്ധന്മാർക്ക് പൌലൊസിനോടൊപ്പം ലേഖന മെഴുതിയത് ആര്?
2. എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്ന വന്നു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതല മുറയായും മഹത്വം ഉണ്ടാകട്ടെ ആമേൻ. നമുക്ക് ഏറെ പരിചിത മായ ഈ ആശീർവാദത്തിന്റെ വേദഭാഗം ഏത്?
3. ആരാണ് തന്നെത്താൻ വഞ്ചിക്കുന്നത്?
4. പൌലൊസ് ഏതു ഗോത്രക്കാരൻ?
5. ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ ആരാണ് അടിസ്ഥാനം?
6. ആരുടെ ഇഷ്ടത്താലാണ് പൌലൊസ് അപ്പൊസ്തലനായത്?
7. പൌലൊസിന്റെ ബുദ്ധിമുട്ടിനു ശുശ്രൂഷിച്ചത് ആര്?
8. ആർക്ക് ഇടം കൊടുക്കരുത് എന്നാണ് അപ്പോസ്തലൻ പറയുന്നത്?
9. ദൈവത്തിന്റെ സർവായുധവർഗത്തിൽ ശിരസ്ത്രം എന്താണ്?
10. എന്താണ് വെളിച്ചത്തിന്റെ ഫലം?

## OBITUARY

| Sl No | Family No | Name | |
|---|---|---|---|
| 1 | 1709 | **Mrs. Grace Ammal V.**<br>Jovita, TC 18/94-1, NRWA B6, Sastha Nagar,<br>Kunnapuzha, Aramada, Trivandrum 695032<br>Died on: 01-04-2023 |  |
| 2 | 1442 | **Mr. Sathiaraj**<br>Soumya Bhavan, TC 3/2041, L 13<br>LIC Lane A, Pattom, Trivandrum 695004<br>Died on : 06-04-2023 |  |
| 3 | 1740 | **Mrs. Vanajam Stalin**<br>Helna, TC 5/2502, BNRA 190, Golflinks Kowdiar,<br>Trivandrum 695003<br>Died on : 26-04-2023 |  |

# 185–ാം കോൺഗ്രിഗേഷണൽ ദിനാചരണം

**മെയ് 14, 2023**

ദൈവത്തിന്റെ അനന്തമായ കൃപയാലും കാരുണ്യത്താലും, ഈ മാസത്തിൽ നാം ഒരു ചരിത്ര സംഭവത്തിന് സാക്ഷ്യം വഹിക്കുകയാണ്. ഈ സ്തുതി സ്തോത്ര സന്ദർഭത്തിൽ പങ്കാളികളാകാൻ ദൈവം നമ്മുടെ ആയുസ്സിൽ ഒരു അവസരം കൂടെ നൽകിയതിനെ ഓർത്തു നമുക്ക് നന്ദിയുള്ളവർ ആയിരിക്കാം.

1838 മെയ് 13 തിരുവനന്തപുരത്തെ പ്രൊട്ടസ്റ്റൻറ് സഭയുടെ ചരിത്രത്തിലെ ഒരു ശ്രദ്ധേയമായ ദിവസമായിരുന്നു. അന്ന് എൽ.എം. എസ്സ് മിഷണറി ജോൺ റോബർട്സിന്റെ പേട്ടയിലെ വസതിയിൽ തമിഴ് ആരാധന ആരംഭിച്ചു. തിരുവനന്തപുരത്ത്, ഭാരതീയരുടെ ആദ്യത്തെ പ്രൊട്ടസ്റ്റൻറ് ആരാധനയാണ് ഇതെന്ന് കരുതപ്പെടുന്നു.

കേണൽ ഫ്രേസറുടെ നേതൃത്വത്തിലും പിന്തുണയിലും പാള യത്ത് കന്റോണ്മെന്റിന് സമീപം ഒരു ചാപ്പൽ നിർമ്മിക്കപ്പെട്ടു. അത് പ്രധാനമായും തിരുവനന്തപുരത്തെ താമസക്കാരായ ബ്രിട്ടീഷുകാരുടെ ആരാധനക്ക് വേണ്ടി ആയിരുന്നു. ഇന്നത്തെ യൂണിവേഴ്സിറ്റി ലൈബ്രറിക്ക് സമീപം നിർമിച്ച ഈ ചാപ്പൽ അഥവാ പള്ളികെട്ടിടം 1838 ആഗസ്റ്റ് 5-ന് തുറക്കപ്പെട്ടു. അത് മിഷണറി ജോൺ കോക്ക്സിന്റെ സംരക്ഷണയിലായി. തമിഴ് ആരാധന ക്രമേണ ഈ പള്ളിയിലേക്ക് മാറ്റുകയും, ഇൻഗ്ലീഷ് ആരാധനക്ക് ശേഷം നടത്തുകയും ചെയ്തു. ഒടുവിൽ മലയാള ആരാധനയും ആരംഭിച്ചു.

തിരുവനന്തപുരം പ്രൊട്ടസ്റ്റന്റ് ചർച്ച് എന്നാണു ഈ ചാപ്പൽ അറിയപ്പെട്ടിരുന്നത്. ഇതാണ് നമ്മുടെ സഭയായ മെറ്റീർ മെമ്മോറിയൽ ചർച്ചിന്റെ മാതൃ പള്ളി. ബ്രിട്ടീഷുകാരുടെ ആരാധന 1859ൽ, സമീപത്ത് പുതുതായി നിർമ്മിച്ച ഇംഗ്ലീഷ് പള്ളിയിലേക്ക് മാറ്റിയതിനു ശേഷവും, അവരുടെ പഴയ ചാപ്പലിൽ എൽ.എം.എസ് ആരാധന തുടർന്നും നടത്തിയിരുന്നു. ജോൺ കോക്സ് 1861 വരെ പ്രവത്തനങ്ങൾക്ക് നേതൃത്വം നൽകി.

ബെൽഫോഡ് തിയോളജിക്കൽ കോളേജിൽ പഠിച്ച റവ. സാമുവൽ മെറ്റീറിനെ എൽ.എം.എസ്സ് ഡയറക്ടർ ബോർഡ് 1859-ൽ, തിരുവിതാംകൂറിലെ മിഷണറിയായി നിയോഗിച്ചു. അങ്ങനെ റവ. സാമുവൽ മെറ്റീർ തിരുവനന്തപുരത്തെ മിഷണറയിൽ റവ. ജോൺ കോക്ക്സിന്റെ പിൻഗാമിയായി.

തിരുവനന്തപുരത്ത് ശശ്രൂഷിച്ച ഏറ്റവും പ്രശസ്തരായ മിഷനറിമാരിൽ ഒരാളായിരുന്നു റവ. സാമുവൽ മെറ്റീർ. തന്റെ പ്രവർത്തനം അധഃസ്ഥിതരുടെ ഇടയിൽ കേന്ദ്രീകരിച്ചതിനാൽ, ഉയർന്ന ജാതിക്കാരാൽ അദ്ദേഹം അടിച്ചമർത്തപ്പെട്ടു; 'പുലയ പാതിരി' എന്ന നാമത്തിൽ പരിഹസിക്കപ്പെട്ടു. അദ്ദേഹം പ്രതിബദ്ധതയുള്ള ഒരു മിഷണറിയായിരുന്നു. 'നേറ്റിവ് ലൈഫ് ഇൻ ട്രാവൻകൂർ', 'ദ ലാൻഡ് ഓഫ് ചാരിറ്റി' 'ഗോസ്പൽ ഇൻ സൗത്ത് ഇന്ത്യ' എന്നിവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട പ്രസിദ്ധമായ പുസ്തകങ്ങൾ. ചിത്രങ്ങളും സംഗീതവും ഉപയോഗിച്ച് സുവിശേഷം പ്രചരിപ്പിക്കാൻ അദ്ദേഹം ഇൻഡ്യാക്കാരെ പ്രോത്സാഹിപ്പിച്ചു. പുത്തൻചന്തയിൽ അദ്ദേഹം ആരംഭിച്ച വായനശാല സ്ഥാപിച്ച സ്ഥലത്താണ് ഇപ്പോൾ സി.എൽ.എസ്. പുസ്തകശാല പ്രവർത്തിക്കുന്നത്. തിരുവന്തപുരം വൈ.എം.സി.എ യുടെ സ്ഥാപക പ്രസിഡന്റാണ് റവ. സാമുവൽ മെറ്റീർ.

പുതുതായി വാങ്ങിയ 'ക്യാപ്റ്റൻ ഡേവിഡ്സൺ കോമ്പൗണ്ടിൽ' അതിമനോഹരമായ ഒരു ദൈവാലയം പണിയണമെന്നത് റവ. സാമുവൽ മെറ്റീറിന്റെ തീവ്രമായ ആഗ്രഹമായിരുന്നെങ്കിലും, 1891 ൽ രോഗബാധിതനായി ഇംഗ്ലണ്ടിലേക്ക് മടങ്ങിയ അദ്ദേഹം 1893 ക്രിസ്തുമസ്സ് രാവിൽ 58-ാം വയസ്സിൽ കർത്തൃസന്നിധിയിൽ പ്രവേശിച്ചു. 1900-ൽ റവ. ആർതർ പാർക്കർ തിരുവന്തപുരത്തെ മിഷന്റെ ചുമതല ഏറ്റെടുത്തു. മിഷൻ സെന്ററിൽ (എൽ.എം.എസ് കോമ്പൗണ്ടിൽ), റവ. സാമുവൽ മെറ്റീറിന്റെ സ്മരണക്കായി ഒരു മെമ്മോറിയൽ ദൈവാലയം പണിയാൻ റവ. ഐ.എച്ച്. ഹാക്കർ, റവ.ടി. ഡബ്ല്യൂ. ബാച്ച്, ശ്രീ. എച്ച്.ടി. വിൽസ് എന്നിവരോടൊപ്പം പരിശ്രമം നടത്തി. 1902-ൽ പള്ളി കെട്ടിടത്തിന്റെ പണി ആരംഭിച്ചു. നമ്മുടെ പൂർവ പിതാക്കന്മാരിൽ നമ്മുടെ സഭാംഗങ്ങളായ കോൺട്രാക്ടർമാരുടെ മേൽനോട്ടത്തിൽ കൽപ്പണിയും ആശാരിപ്പണിയും പൂർത്തീകരിച്ച് 1906-ൽ മെറ്റീർ മെമ്മോറിയൽ ദൈവാലയം പ്രതിഷ്ഠിക്കപ്പെട്ടു. അങ്ങനെ നമ്മുടെ കോൺഗ്രിഗേഷൻ ചരിത്രത്തിനു 185 വർഷത്തെ പഴക്കമുണ്ട്. എല്ലാ നന്മകളും ഓർത്തു ദൈവത്തിനു സ്തുതിയും സ്ത്രോത്രവും അർപ്പിക്കാം. ത്യാഗികളായ എം. എസ്സ്. മിഷണറിമാരെയും നമ്മുടെ പിതാമഹന്മാരെയും മുൻഗാമികളെയും സഭാ ശുശ്രൂഷകരെയും തലമുറകളെയും നന്ദിയോടെ ഓർക്കാം. ദൈവത്തിനു മാത്രം മഹത്വം. 14/5/2023-നു ക്രമീകരിച്ചിരിക്കുന്ന സ്തോത്ര ആരാധനയിൽ പങ്കെടുത്തു ദൈവത്തിനു മഹത്വം കരേറ്റാം. •

# Passion Week 2023



# Passion Week 2023























